ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഇന്ത്യൻ ജനാധിപത്യത്തിൻറെ ഹൃദയം രാജ്യത്തെ വോട്ടർമാരാണെന്ന് ദേശീയ സമ്മതിദായക ദിനാഘോഷത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു. സമ്മതിദായകരിൽ അവബോധം വർധിപ്പിക്കാൻ ആകാശവാണി നടത്തിയ സേവനങ്ങൾക്ക് രാഷ്ട്രപതി പുരസ്കാരം സമ്മാനിച്ചു.

**President Droupadi Murmu said that the voters of the country are the heart of Indian democracy, while speaking at the National Voters' Day celebrations in New Delhi. The President presented awards for the services rendered by Akashvani News Service Division in enhancing voter awareness.**

2) സമ്മതിദായകർ ജനാധിപത്യത്തിന്റെ ആത്മാവാണെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. 18 വയസ്സ് തികയുമ്പോൾ തന്നെ വോട്ടർപട്ടികയിൽ പേര് ചേർക്കണമെന്നും യുവജനങ്ങളോട് ആഹ്വാനം.

**Prime Minister Narendra Modi said in Mann Ki Baat that voters are the soul of democracy. He called upon the youth to ensure that their names are included in the electoral rolls as soon as they attain the age of 18.**

3) ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി ഇന്ത്യ മാറിയതായി പ്രധാനമന്ത്രി. ഉത്പന്നങ്ങളുടെ

ഗുണനിലവാരത്തിന് സവിശേഷ പ്രാധാന്യം നൽകണമെന്നും നിർദ്ദേശം.

**The Prime Minister said that India has emerged as the world's third-largest startup ecosystem. He stressed the need to give special importance to product quality.**

4) ഇന്ത്യൻ കുടുംബ വ്യവസ്ഥയെ ലോകരാജ്യങ്ങൾ ആദരിക്കുന്നതായി പ്രധാനമന്ത്രി. കുടുംബത്തിൻറെയും സമൂഹത്തിന്റെയും ശക്തിയിലൂടെ വെല്ലുവിളികളെ മറികടക്കാൻ കഴിയുമെന്നും മൻ കി ബാത്തിൽ പരാമർശം.

**The Prime Minister said that the Indian family system is respected across the world. In Mann Ki Baat, he noted that challenges can be overcome through the strength of the family and society.**

5) 77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വൈകുന്നേരം രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.

**The nation is gearing up for the 77th Republic Day celebrations. President Droupadi Murmu will address the nation this evening**

6) തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നാളെ നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും.

**Governor Rajendra Vishwanath Arlekar will host the National Flag at the Republic Day celebrations to be held tomorrow at the Thiruvananthapuram Central Stadium.**

7) ഇന്ത്യ-ന്യൂസിലൻഡ് ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്.

**The third match of the India–New Zealand Twenty20 cricket series will be played today.**

&&&&&&&&&&&&&&&&&&

## VOTERS DAY CELEBRATION-INTRO

ഇന്ത്യൻ ജനാധിപത്യത്തിൻറെ ഹൃദയം രാജ്യത്തെ വോട്ടർമാരാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ദേശീയ സമ്മതിദായക ദിനത്തോട് അനുബന്ധിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ആഘോഷ പരിപാടികളിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. ജനങ്ങൾക്ക് സ്വന്തം നിലപാടുകൾ വ്യക്തമാക്കുന്നതിനുള്ള അവസരമാണ് തിരഞ്ഞെടുപ്പുകളെന്നും ശ്രീമതി മുർമു പറഞ്ഞു. ബാഹ്യ പ്രലോഭനങ്ങൾക്ക് വിധേയരാകാതെ ജനങ്ങൾ വിവേകപൂർവ്വം സമ്മതി ദാനാവകാശം വിനിയോഗിക്കണമെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

(ഹോൾഡ്)

"എൻറെ ഇന്ത്യ, എൻറെ വോട്ട്" എന്നതാണ് ഇത്തവണത്തെ ദിനാചരണ പ്രമേയം. സമ്മതിദായകർക്കിടയിൽ അവബോധം വർധിപ്പിക്കുന്നതിനായി ആകാശവാണി വാർത്താ വിഭാഗം നടത്തിയ മികച്ച പ്രചാരണ പരിപാടികൾക്ക് ആകാശവാണി ഡയറക്ടർ ജനറൽ രാജീവ് കുമാർ ജെയ്ൻ രാഷ്ട്രപതിയിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി. തെരഞ്ഞെടുപ്പുകളിൽ സാങ്കേതികവിദ്യയുടെ കാര്യക്ഷമമായ ഉപയോഗത്തിനുള്ള പുരസ്കാരം കാസർഗോഡ് ജില്ലയ്ക്കും വോട്ടർ ബോധവത്കരണത്തിനുള്ള പുരസ്കാരം വയനാട് ജില്ലയ്ക്കും രാഷ്ട്രപതി സമ്മാനിച്ചു. കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ്വാൾ, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ജനാധിപത്യ സംവിധാനത്തിൽ വോട്ടവകാശത്തിൻറെ പ്രധാന്യം

ഓർമപ്പെടുത്തിയാണ് രാജ്യം ഇന്ന് ദേശീയ സമ്മതിദായക ദിനം ആഘോഷിക്കുന്നത്. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള പ്രമുഖരും ജനങ്ങൾക്ക് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

## MANN KI BAAT- VOTERS DAY- INTRO

സമ്മതിദായകർ ജനാധിപത്യത്തിന്റെ ആത്മാവാണെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. 18 വയസ്സ് തികയുമ്പോൾ വോട്ട് ചെയ്യുക എന്നത് , ഓരോ പൗരൻറെയും ജീവിതത്തിലെ വലിയ നാഴികക്കല്ലാണെന്നും അദ്ദേഹം വ്യക്തമാക്കി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻറെ 130-ആം പതിപ്പിലൂടെ, ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ഓരോ വ്യക്തിയും ആദ്യമായി സമ്മതിദായകർ ആയി മാറുന്ന വേള ആഘോഷിക്കപ്പെടേണ്ടതാണെന്നും, വോട്ടർ ആകുന്നത് വളരെ പ്രധാനമാണെന്ന ചിന്ത ഇതിലൂടെ ശക്തിപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. 18 വയസ്സ് തികയുമ്പോൾ തന്നെ വോട്ടർമാരായി പേരു ചേർക്കാൻ രാജ്യത്തെ യുവജനങ്ങളോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ഭാരതത്തിന്റെ ജനാധിപത്യത്തെ ഇത് ശക്തിപ്പെടുത്തുമെന്നും മൻ കി ബാത്തിൽ അദ്ദേഹം പരാമർശിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## MANN KI BAAT- START UP

ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി ഇന്ത്യ മാറിയിരിക്കുന്നതായും പ്രധാനമന്ത്രി മൻ കി ബാതിൽ പറഞ്ഞു. നിർമ്മിതബുദ്ധി, ബഹിരാകാശം, ആണവോർജ്ജം, സെമികണ്ടക്ടറുകൾ തുടങ്ങി വിവിധ മേഖലകളിൽ ഇന്ത്യൻ സ്റ്റാർട്ടപ്പുകൾ കാഴ്ച വയ്ക്കുന്ന പ്രവർത്തനമികവിനെയും അദ്ദേഹം പ്രശംസിച്ചു. അതിവേഗം പുരോഗമിക്കുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ ലോകം ഉറ്റുനോക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിന് നാം സവിശേഷ പ്രാധാന്യം നൽകണമെന്ന് വ്യക്തമാക്കിയ ശ്രീ മോദി 'സീറോ ഡിഫെക്റ്റ് - സീറോ ഇഫക്റ്റ്' തത്വത്തിലൂടെ മാത്രമേ വികസിത ഭാരതത്തിൻറെ യാത്ര അതിവേഗം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കൂവെന്നും അറിയിച്ചു.

&&&&&&&&&&&&&&&&&&

## MANN KI BAAT- FAMILY DRUG

ഭാരതത്തിന്റെ കുടുംബവ്യവസ്ഥയെ ലോകമെങ്ങുമുള്ള രാജ്യങ്ങൾ വളരെ കൗതുകത്തോടെയാണ് കാണുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. നമ്മുടെ പാരമ്പര്യത്തിന്റെ അവിഭാജ്യ ഘടകമായ കുടുംബവ്യവസ്ഥയോട് പല രാജ്യങ്ങൾക്കും വലിയ ആദരവാണുള്ളതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ശക്തി ഒന്നിക്കുമ്പോൾ, ഏറ്റവും വലിയ വെല്ലുവിളികളെപ്പോലും മറികടക്കാൻ കഴിയുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MANN KI BAAT- COMMUNITY KITCHEN- INTRO

ഗുജറാത്തിലെ ചന്ദനകി ഗ്രാമത്തിലെ വിശാലമായ കമ്യൂണിറ്റി കിച്ചണുകളെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. ഇവിടെ ഗ്രാമത്തിലെ എല്ലാവർക്കും ഒരുമിച്ച് ഭക്ഷണം പാകം ചെയ്യുകയും, ആളുകൾ കൂട്ടമായി ഇരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. കഴിഞ്ഞ 15 വർഷമായി തുടരുകയാണ് ഈ പാരമ്പര്യമെന്നും ശ്രീ മോദി പറഞ്ഞു. അസുഖമുള്ള വ്യക്തികൾക്ക് ഭക്ഷണം വീട്ടിൽ എത്തിക്കാനുള്ള ക്രമീകരണവും ഇവിടെയുണ്ട്. ഗ്രാമത്തിലെ ഈ സമൂഹ ഭക്ഷണം ആളുകളെ അതീവ സന്തോഷവാന്മാരാക്കുന്നതായി പറഞ്ഞ പ്രധാനമന്ത്രി ഈ സംരംഭം ആളുകളെ പരസ്പരം ബന്ധിപ്പിക്കുകയും കുടുംബമെന്ന സങ്കല്പത്തെ പോഷിപ്പിക്കുകയും ചെയ്യുന്നതായും ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## MANN KI BAAT- BHAJAN

യുവ തലമുറയ്ക്കിടയിൽ അതിവേഗം പ്രചാരം നേടുന്ന 'ഭജൻ ക്ലബ്ബിംഗിനെ' ക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. സംഗീത കച്ചേരി പോലെ പൂർണ്ണ സമർപ്പണത്തോടെയുള്ള താളബദ്ധമായ ഭജനകളിൽ ആധ്യാത്മികതയുടെ നിതാന്തമായ ഒഴുക്ക് അനുഭവപ്പെടുന്നതായും അദ്ദേഹം പറഞ്ഞു. ഭജനുകളും കീർത്തനങ്ങളും നൂറ്റാണ്ടുകളായി നമ്മുടെ സംസ്കാരത്തിന്റെ ആത്മാവാണെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MANN KI BAAT- MILLET- INTRO

ചെറുധാന്യങ്ങളുടെ പ്രോത്സാഹനത്തിനായി രാജ്യമെമ്പാടും നടക്കുന്ന സംരംഭങ്ങളെക്കുറിച്ചും ശ്രീ മോദി മൻ കി ബാത്തിൽ പരമാർശിച്ചു. തമിഴ്നാട്ടിലെ കല്ലക്കുറിച്ചിയിലും, രാജസ്ഥാനിലെ റാംസറിലും വിജയകരമായി പ്രവർത്തിക്കുന്ന മില്ലെറ്റ് ഉത്പാദന സംരംഭങ്ങളെ അദ്ദേഹം പ്രകീർത്തിച്ചു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പുറമേ ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യവും ചെറുധാന്യങ്ങൾ ഉറപ്പാക്കുന്നു. ചെറുധാന്യങ്ങൾ ഭക്ഷണത്തിൽ തീർച്ചയായും ഉൾപ്പെടുത്തണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## MKB- INDIA AI IMPACT

രാജ്യത്ത് അടുത്ത മാസം നടക്കുന്ന, India AI Impact ഉച്ചകോടിയിൽ, ലോകമെമ്പാടുമുള്ള വിദഗ്ധർ പങ്കെടുക്കുമെന്ന് അറിയിച്ച പ്രധാനമന്ത്രി നിർമിത ബുദ്ധി മേഖലയിലെ ഇന്ത്യയുടെ പുരോഗതി ഇതിലൂടെ ഉയർത്തിക്കാട്ടാൻ സാധിക്കുമെന്നും പറഞ്ഞു. അടുത്ത മാസത്തെ 'മൻ കി ബാത്ത് പരിപാടിയിൽ India AI Impact ഉച്ചകോടിയെക്കുറിച്ച് സംസാരിക്കാമെന്നും അദ്ദേഹം ജനങ്ങൾക്ക് ഉറപ്പു നൽകി.

&&&&&&&&&&&&&&&&&&

## PREZ - ADDRESS

77-ാമത് റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. രാത്രി 7 മുതൽ ആകാശവാണിയുടെ ദേശീയ ശൃംഖലകളിലൂടെയും ദൂരദർശന്റെ എല്ലാ ചാനലുകളിലൂടെയും പരിപാടി പ്രക്ഷേപണം ചെയ്യും. ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലുമായിരിക്കും രാഷ്ട്രപതിയുടെ അഭിസംബോധന. പ്രാദേശിക പരിഭാഷ രാത്രി 9.30 മുതൽ കേൾക്കാം.

**&&&&&&&&&&&&&&&&&&**

## REPUBLIC DAY CELEBRATION

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. കർത്തവ്യപഥിൽ നാളെ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അന്റോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്നും ചടങ്ങിൽ മുഖ്യാതിഥികളാവും.

**&&&&&&&&&&&&&&&&&&**

## REPUBLIC DAY - KERALA

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നാളെ രാവിലെ 9 ന് നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും.

**&&&&&&&&&&&&&&&&&&**

## IND-NZ T20

ഇന്ത്യ-ന്യൂസിലൻഡ് പുരുഷ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഗുവാഹാട്ടി സ്റ്റേഡിയത്തിൽ രാത്രി 7

മണിക്കാണ് മത്സരം. 5 മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2-0 ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&